ജലവിഭവ വകുപ്പ്
കേരള സർക്കാർ

# ജലതരംഗം

## വാർത്താ പത്രിക

### ഇടുക്കി മേഖല

ജലനിധി
കേരള സർക്കാർ നടപ്പാക്കുന്ന ശുദ്ധജല വിതരണ ശുചിത്വ പദ്ധതി

ആഗസ്റ്റ് 2017
ലക്കം 4
പുസ്തകം 4

www.jalanidhi.kerala.gov.in
കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)



**മുഖമൊഴി**

## ജലസാക്ഷരതയ്ക്ക് ജലശ്രീ ക്ലബ്ബ്

ജലമുള്ള സ്ഥലത്തു മാത്രമേ ജീവജാലങ്ങൾക്ക് നിലനിൽക്കാനാകൂ. സൗരയൂധത്തിൽ ജലമുള്ള ഏകഗ്രഹമായ ഭൂമിയിൽ മാത്രമാണ് ജീവന്റെ തുടിപ്പുള്ളത്. ജലസ്രോതസ്സുകളാൽ സമ്പന്നമായ കേരളത്തിൽ 44 നദികളും 34 തടാകങ്ങളും 66 ലക്ഷത്തോളം കിണറുകളും ഉണ്ട്. രണ്ടരക്കോടി ജനങ്ങളുടെ കുടിവെള്ള സ്രോതസ്സുകളാണിവ. ശരാശരി 3000 മില്ലിമീറ്റർ മഴ വർഷംതോറും ലഭിക്കുന്ന കേരളത്തിലെ ജനങ്ങൾ വേനൽക്കാലത്ത് കുടിവെള്ളത്തിനായി നിലവിളിക്കുകയാണ്. വയലുകളും, തോടുകളും, തടാകങ്ങളും, കുളങ്ങളും, വനങ്ങളും സംരക്ഷിക്കാതെ ജലസുരക്ഷ കൈവരിക്കുക അസാദ്ധ്യമാണ്. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളത്തെ ഫിൽട്ടർ ചെയ്ത് സംഭരിച്ച് ഗാർഹികാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്. മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളത്തെ അരിച്ചെടുത്ത് കിണറ്റിലേക്ക് ഒഴുക്കി ഭൂഗർഭജലനിരപ്പ് ഉയർത്താവുന്നതേയുള്ളൂ.

ജലസംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാൻ ജലനിധി ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജലശ്രീ ക്ലബ്ബ് ആരംഭിക്കുകയാണ്. ജലസാക്ഷരതാ പ്രവർത്തനങ്ങൾക്ക് വിവരവിജ്ഞാപന ഫണ്ടിൽ നിന്നും ജലശ്രീ ക്ലബ്ബിന് ധനസഹായം നൽകാൻ പദ്ധതിയുണ്ട്. ജലഗുണനിലവാര പരിശോധനയ്ക്കും, ജലസംരക്ഷണം, പരിസരശുചിത്വ പ്രവർത്തനങ്ങൾക്കും പ്രചാരണങ്ങൾക്കും വിദ്യാർത്ഥികളുടെ നേതൃത്വം സമൂഹത്തിന് മാതൃകയാവണം. ജലസുരക്ഷയ്ക്ക് നമ്മൾ ഒത്തുചേരണം.

**ടോമി കെ. ജെ.**
റീജണൽ പ്രോജക്ട് ഡയറക്ടർ, തൊടുപുഴ





## കുടിവെള്ളത്തിനായി ഒത്തുചേരണം

വെള്ളമില്ലാതെ മനുഷ്യന് ജീവിക്കുക സാദ്ധ്യമല്ല. മഴയുടെ അളവിലുണ്ടാകുന്ന കുറവ് നമ്മളെ ആശങ്കപ്പെടുത്താറുണ്ട്. വർഷകാലത്ത് ലഭിക്കുന്ന മഴവെള്ളത്തെ കരുതിവയ്ക്കുകയോ, സംരക്ഷിക്കുകയോ, മണ്ണിലേക്ക് ഇറക്കിവിടുകയോ ചെയ്യാതെ ഒഴുക്കിക്കളഞ്ഞിട്ട് കുടിവെള്ളത്തിനായി വേനൽക്കാലത്ത് പരക്കം പായുന്നവരാണ് നമ്മളെല്ലാവരും. മലയോര ജില്ലയായ ഇടുക്കി കുടിവെള്ളപ്രശ്നം അതിരൂക്ഷമായി നേരിടുന്ന പ്രദേശമാണ്. വനസമ്പത്ത് സംരക്ഷിക്കുകയും ശാസ്ത്രീയമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും ഓരോ പഞ്ചായത്തുകളിലൂടെയും ഒഴുകുന്ന തോടുകളിൽ തടയണകൾ നിർമ്മിക്കുകയും വീടുകളുടെ മേൽക്കൂരകളിൽ നിന്നും ഒഴുകിപ്പോകുന്ന മഴവെള്ളം സംഭരിക്കുകയും ചെയ്താൽ ജലക്ഷാമത്തെ നമുക്ക് ഇല്ലാതാക്കാവുന്നതാണ്.

കേരള സർക്കാർ ലോകബാങ്കിന്റെ സഹായത്തോടെ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന രണ്ടാം ഘട്ട ജലനിധി പദ്ധതി ഇടുക്കി ജില്ലയിൽ 19 പഞ്ചായത്തുകളിലാണ് അനുവദിച്ചിരിക്കുന്നത്. ജലനിധി പദ്ധതിയിലൂടെ ചെറുതും വലുതുമായ 377 കുടിവെള്ള പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കിക്കഴിഞ്ഞു. 200 കുടിവെള്ള പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ജലനിധി പദ്ധതിയിലൂടെ മാത്രം ഇടുക്കി ജില്ലയിൽ 36000 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞത് ഏറെ ആഹ്ലാദകരമാണ്. ജനപങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതും ഗുണഭോക്തൃസമിതികൾ തന്നെ കുടിവെള്ളപദ്ധതികളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളും നടത്തുന്നതും മാതൃകാപരമാണ്. ജലസ്രോതസ്സുകൾ സംരക്ഷിക്കാനും ശുചിത്വം വർദ്ധിപ്പിക്കാനും ജലനിധി പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**ഗോകുൽ ജി. ആർ. ഐ. എ. എസ്.**
ഇടുക്കി ജില്ലാ കളക്ടർ




**തീക്കോയി ഗ്രാമപഞ്ചായത്തിലെ ഒറ്റയീട്ടി കുടിവെള്ള വിതരണപദ്ധതി ബഹു. പൂഞ്ഞാർ എം. എൽ. എ. പി. സി. ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു**

# ജലനിധി ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റത്തിലേയ്ക്ക്

കേരള സർക്കാർ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയായ ജലനിധിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെയും അനുബന്ധ പദ്ധതികളുടെയും ആസ്തികളുടെ ഉടമസ്ഥത അതാതു ഗുണഭോക്തൃ സമിതികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും സ്കൂളുകൾക്കുമാണ്. പദ്ധതി നിർമ്മാണത്തിനു ശേഷം ജലനിധി കുടിവെള്ള വിതരണ പദ്ധതികളുടെ ആസ്തി വിവരങ്ങൾ പൊതു ജനങ്ങൾക്കും സർക്കാരിന്റെ മറ്റ് വകുപ്പുകൾക്കും ലഭ്യമാക്കുന്നതിനു കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) ഉപയോഗിച്ച് ആസ്തി ഭൂപടം നിർമ്മിച്ചു വരുന്നു.

അക്ഷാംശവും (ലാറ്റിറ്റ്യൂഡ്), രേഖാംശവും (ലോഞ്ചിറ്റ്യൂഡ്) ഉപയോഗിച്ച് ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും നിർമ്മാണത്തിന്റെയും സ്ഥാനം നിർണ്ണയിക്കാനാകും. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റത്തിന്റെ (ജി.പി.എസ്) സഹായത്തോടെ ജലനിധി ആസ്തികളുടെ ഭൂമിയിലെ സ്ഥാനം നിർണ്ണയിക്കുന്നതാണ് ജി.ഐ.എസ് ഭൂപട നിർമ്മാണത്തിലെ ആദ്യ പടി. ജി.പി.എസ് സർവ്വേ ചെയ്യുമ്പോൾ ആസ്തികളിലേയ്ക്ക് എത്തിപ്പെടുന്നതിനുള്ള വഴിയും (ജി.ഐ.എസ്) റിസീവറിൽ രേഖപ്പെടുത്തുന്നു. ഉപഗ്രഹങ്ങളിൽ നിന്നുള്ള സിഗ്നലുകൾ മുഖേനയാണ് ഇത് സാധ്യമാകുന്നത്. ജി.പി.എസ് സർവ്വേയിൽ ലഭിച്ച രേഖകൾ കമ്പ്യൂട്ടറിലേയ്ക്ക് മാറ്റി ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഭൂപടം നിർമ്മിക്കും. ജി.ഐ.എസ് ഭൂപട നിർമ്മാണത്തിനായി ജി.ഐ.എസ് സോഫ്റ്റ്വെയറുകളും ക്യൂ.ജി.ഐ.എസ് സോഫ്റ്റ് വെയറുകളും ജലനിധി ഉപയോഗിക്കുന്നു. ജി.ഐ.എസ് ഭൂപടങ്ങൾ സാങ്കേതിക അറിവില്ലാത്തവർക്കും ഉപയോഗിക്കുന്നതിനായി പൊതുവായ ഒരു ഇന്റർനെറ്റ് ലിങ്കായി സൂക്ഷിക്കുകയും കൈമാറുകയും ചെയ്യുന്നു. ഈ വിധത്തിൽ ഭൂപടം നിർമ്മിക്കുമ്പോൾ ആവശ്യാനുസരണം പകർപ്പുകൾ എടുക്കുന്നതിനും കമ്പ്യൂട്ടറിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്നതിനും കഴിയുന്നു.

രണ്ടാം ഘട്ട ജലനിധി പദ്ധതിയിലെ ബാച്ച് ഒന്ന് ഗ്രാമപഞ്ചായത്തുകളുടെ ജി.ഐ.എസ് ഭൂപടങ്ങൾക്ക് അന്തിമരൂപമായി. ബാച്ച് രണ്ട്, മൂന്ന് ജലനിധി ഗ്രാമപഞ്ചായത്തുകളുടെ ജി.പി.എസ് സർവ്വേയും അനുബന്ധ ജോലികളും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രോജക്ട് കമ്മീഷണർ, സഹായസംഘടനയിലെ എഞ്ചിനീയർമാർ എന്നിവർക്കുള്ള ജി.ഐ.എസ് ഭൂപടനിർമ്മാണ പരിശീലനം പൂർത്തിയായി കഴിഞ്ഞു. കുടിവെള്ള വിതരണ പദ്ധതികളുടെ ആസ്തികൾ വെവ്വേറെ കാണുവാനും, വ്യത്യസ്തമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനും സാധിക്കും വിധത്തിലാണ് ജലനിധി പദ്ധതിയുടെ ജി.ഐ.എസ് ഭൂപടം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഇന്റർനെറ്റ് ഉപയോഗിച്ച് ലോകത്തിന്റെ ഏതു കോണിലിരുന്നും ജലനിധി കുടിവെള്ള വിതരണ പദ്ധതികളെ പറ്റി മനസ്സിലാക്കാമെന്നതും തുടർപഠനങ്ങൾക്ക് വിവരങ്ങൾ ഉപയോഗിക്കാമെന്നതും ജി.ഐ.എസിന്റെ മേന്മയാണ്. കുടിവെള്ള വിതരണ പദ്ധതികളുടെ കിണറുകളും ജലസംഭരണികളും ജലശുദ്ധീകരണ കേന്ദ്രങ്ങളും, കിണറിന്റെ ആഴം, വ്യാസം, പമ്പിന്റെ ശേഷി, കിണർ നിർമ്മിച്ചിരിക്കുന്ന സ്ഥലത്തിന്റെ പേര്, ജലസംഭരണിയുടെ അളവുകൾ, ജലസംഭരണിയുടെ ശേഷി, ഭൂമിയിലെ അവയുടെ സ്ഥാനം, എത്തിപ്പെടാനുള്ള വഴി, ഗുണഭോക്തൃസമിതി ഭാരവാഹികളുടെ പേര്, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ തുടങ്ങിയവ അറിയുവാൻ ജി.ഐ.എസ് ഉപയോഗിക്കുന്നത് വഴി സാധിക്കും. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് കാര്യാലയത്തിൽ ഇരുന്നുകൊണ്ട് തന്നെ ജലനിധി കുടിവെള്ള വിതരണ പദ്ധതിയെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും എല്ലാ കാലത്തും ഒരു വിരൽസ്പർശത്താൽ അറിയുവാൻ കഴിയും. ഓരോ സമിതിയുടെയും ആസ്തികളിലേയ്ക്കുള്ള വഴികൾ നാഷണൽ ഹൈവേ, പി.ഡബ്ല്യൂ.ഡി റോഡുകൾ, പഞ്ചായത്ത് റോഡുകൾ, മൺപാതകൾ, നടപ്പാതകൾ എന്നിങ്ങനെ തരം തിരിച്ച് കാണിക്കുന്നതിനാൽ പ്രാദേശിക വിവരം ഇല്ലാത്തവർക്കും പദ്ധതി പ്രദേശത്ത് എളുപ്പത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നു.

കേന്ദ്ര കേരള സർക്കാരുകളിലെയും ലോകബാങ്കിലെയും ഉദ്യോഗസ്ഥർക്ക് ജലനിധി പദ്ധതിയെപ്പറ്റിയും പ്രദേശത്തെ ജലലഭ്യതയെ പറ്റിയും അതാതു ഓഫീസുകളിൽ ഇരുന്നു കൊണ്ട് തന്നെ മനസ്സിലാക്കുവാനും തുടർപഠനങ്ങൾ നടത്തുവാനും ജി.ഐ.എസ് സഹായിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ ത്രിമാന ചിത്രങ്ങളും മാതൃകകളും ജി.ഐ.എസിൽ നിർമ്മിക്കുന്നത് വഴി പ്രസ്തുത ഭൂപ്രദേശത്തെപ്പറ്റി ഒറ്റ നോട്ടത്തിൽ മനസ്സിലാക്കുവാനും ആവശ്യമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും കഴിയും.

സ്മാർട്ട് ഫോൺ ഉപയോഗിച്ച് ജി.ഐ.എസ് ഭൂപടങ്ങൾ തുറക്കുവാൻ കഴിയുമെന്നതിനാൽ യാത്രാവേളകളിലും, കമ്പ്യൂട്ടർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പോലും ഓരോ പ്രദേശത്തെയും കുടിവെള്ള വിതരണ പദ്ധതിയെപ്പറ്റി അറിയുവാൻ കഴിയുന്നു എന്നതാണ് ജലനിധിയുടെ ജിയോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ നേട്ടം.



പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയെടുക്കുന്ന അയ്മനം ഗ്രാമപഞ്ചായത്തിലെ കുടമാളൂർ എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾ

## പരിസ്ഥിതി സംരക്ഷണ മാതൃകയായി ഭരണങ്ങാനം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെയും ജലനിധി പദ്ധതിയുടെയും ആഭിമുഖ്യത്തിൽ ജൂൺ 5 ന് നടത്തിയ പരിസ്ഥിതി ദിനാചണത്തിന്റെ ഭാഗമായി വൃക്ഷത്തൈ വിതരണം നടത്തി. ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.ആർ. നാരായണൻനായർ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ പ്രോജക്ട് കമ്മീഷണർ ജോപോൾ ജോസഫ് ചൊല്ലിക്കൊടുത്തു. പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ട്രീസ സെബാസ്റ്റ്യൻ, അൽഫോൻസ ജോസ്, ടീം ലീഡർ ജസ്റ്റിൻ വി. ജോസഫ്, ക്ലാരിസ് ചെറിയാൻ, ജെയ്സി മാത്യു, രാജേഷ് എം.ആർ. എന്നിവർ പരിസ്ഥിതി ദിന സന്ദേശം നൽകി. പഞ്ചായത്ത് ജീവനക്കാർ, ബിജി ഭാരവാഹികൾ, കുടുംബശ്രീ പ്രവർത്തകർ, സാക്ഷരതാ പ്രേരക് തുടങ്ങിയവർ നേതൃത്വം നൽകി.




## പ്രകൃതി

പാർത്തലമാകെ വരണ്ടുണങ്ങീടുന്നു
ഘോരമാം സൂര്യതാപകിരണങ്ങളാൽ
കരയെതഴുകിയൊഴുകും നീർച്ചാലുകളൊക്കെയും
ഇന്നിതാ നിശ്ചലമായി നില്പൂ
ഒഴുക്കു നിലച്ച നീർച്ചാലിനെ നോക്കി മൂകമായ്
കൊറ്റികൾ ദാഹജലത്തിനും ഇരയ്ക്കുമായി കേഴുന്നു
പച്ചവിരിച്ചൊരാ പുൽമേടുകളൊക്കെയും
ഇന്നിതാ ശൂന്യമായി തീർന്നു
സ്വയം ചൂടേറ്റുവാങ്ങി തണലേകിയ വൃക്ഷങ്ങൾ
ഓരോന്നായി മനുഷ്യർ നശിപ്പിച്ചപ്പോഴും
ഓർത്തില്ല ഒരിയ്ക്കലും ഇങ്ങനൊരു വേനലിനെ
പ്രകൃതിയെ ദ്രോഹിച്ചു മനുഷ്യർ വാഴുമ്പോൾ
തൃണവും മനുഷ്യനും ഇന്നിതാ ഒരുപോലെ തളർന്നു
ഇല്ല തകർക്കില്ലാ ഞാനീ പ്രകൃതിയെ
നല്ലൊരു നാളയെ വാർത്തെടുക്കാൻ



**ആശാ ബാബു**
കൊക്കുതറ,
തിടനാട് ഗ്രാമപഞ്ചായത്ത്




## കങ്ങഴയിലെ പരിസ്ഥിതി ദിനാചരണം

കങ്ങഴ പഞ്ചായത്തിന്റെയും ജലനിധി പദ്ധതിയുടെയും നേതൃത്വത്തിൽ ജലനിധി ഗുണഭോക്തൃസംഘങ്ങളിലും വാർഡുകളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് ലോകപരിസ്ഥിതി ദിനം ആചരിച്ചു. പഞ്ചായത്ത് ഓഫീസ് വളപ്പിൽ വൃക്ഷത്തൈ നട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. പ്രദീപ് ലോകപരിസ്ഥിതിദിനത്തിന്റെ പഞ്ചായത്ത്തല ആചരണം ഉദ്ഘാടനം ചെയ്യുകയും പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുകയും ചെയ്തു. പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, പഞ്ചായത്ത് ഉദ്യോഗസ്ഥർ, കൃഷിഭവൻ ഉദ്യോഗസ്ഥർ, ജലനിധി ബിജി ഫെഡറേഷൻ ഭാരവാഹികൾ, കുടുംബശ്രീ പ്രവർത്തകർ, ജലനിധി ഗുണഭോക്തൃസംഘം ഭാരവാഹികൾ എന്നിവർ വൃക്ഷത്തൈകൾ നടുകയും പരിസ്ഥിതിദിന സംരക്ഷണ പ്രതിജ്ഞ എടുക്കുകയും ചെയ്തു. ജലനിധി ഗുണഭോക്തൃസമിതിതല ലോക പരിസ്ഥിതിദിനാചരണത്തിന്റെ ഉദ്ഘാടനം ബി.ജി. ഫെഡറേഷൻ സെക്രട്ടറി ശ്രീ. അനിയൻ ആറ്റുകുഴി, പ്രസിഡന്റ് ശ്രീ. സി.ഡി. പൊന്നപ്പൻ എന്നിവർ ചേർന്ന് നെടുമണ്ണി ജലനിധി സ്രോതസ്സിനു സമീപം വൃക്ഷത്തൈകൾ നട്ട് നിർവ്വഹിച്ചു.

## പൊന്തനാൽ പദ്ധതി ഉദ്ഘാടനം ചെയ്തു

കോട്ടയം ജില്ലയിലെ തിടനാട് പഞ്ചായത്തിൽ ജലനിധി പദ്ധതിയിലൂടെ നിർമ്മിച്ച പൊന്തനാൽ കുടിവെള്ള പദ്ധതി ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. പ്രേംജി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് മിനി സാവിയോ അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ ജലനിധി റീജിയണൽ പ്രോജക്ട് ഡയറക്ടർ ടോമി കെ.ജെ. പദ്ധതി വിശദീകരണം നടത്തി. ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും വൈസ് പ്രസിഡന്റുമാർ, ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് മെമ്പർമാർ, പ്രോജക്ട് കമ്മീഷണർ, ടീം ലീഡർ തുടങ്ങിയവർ സംസാരിച്ചു.



## പരിസ്ഥിതി ദിനാചരണം പാമ്പാടുംപാറയിൽ

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ദിനാചരണം പാമ്പാടുംപാറ ഗവ. എൽ.പി. സ്കൂളിൽ നടത്തി. പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ടോമി കരിയില ക്കുളം വൃക്ഷത്തൈ നട്ടുകൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. ഗ്രാമപ ഞ്ചായത്ത് മെമ്പർമാർ, ജലനിധി ഗ്രൂപ്പ് അംഗങ്ങൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പരിസ്ഥിതി സംര ക്ഷണ പ്രതിജ്ഞ ചൊല്ലിയാണ് യോഗം അവസാനിപ്പിച്ചത്.

## ജലനിധി സ്കൂൾ ടോയ്‌ലറ്റുകൾ കൈമാറി



ഉടുമ്പന്നൂർ പഞ്ചായത്തിൽ നടപ്പാക്കി വരുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ സാനിട്ടേഷൻ പ്രോജക്ടിന്റെ ഭാഗമായി 12 ലക്ഷം രൂപ മുതൽമുടക്കി നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ ടോയ്‌ലറ്റുകൾ പി.റ്റി.എ.ക്ക് കൈമാറി. ഉപ്പുകുന്ന് ട്രൈബൽ എൽ.പ ി. സ്കൂൾ, പെരിങ്ങാശ്ശേരി ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ ഏഴാനിക്കൂട്ടം, തട്ടക്കുഴ ഗവ. വി.എച്ച്.എസ്.എസ്., എസ്.എൻ.എൽ.പി.എസ്. പരിയാരം, ചെപ്പുകുളം സി.എസ്.ഐ. സ്കൂൾ, അംഗൻവാടി എന്നവയ്ക്കാണ് സ്കൂൾ കക്കൂസുകൾ കൈമാറിയത്. സ്കൂളുകളിൽ നടന്ന പൊതു സമ്മേളനങ്ങളിലാണ് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സജീവ് പി.റ്റി. എ. പ്രസിഡന്റുമാർക്ക് താക്കോൽ കൈമാറി ഉദ്ഘാടനം നിർവ്വഹിച്ച ത്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എൻ. സീതി, പഞ്ചായത്തംഗ ങ്ങളായ അജിമോൾ ശ്രീധരൻ, നീതു ബാബുരാജ്, ഷീലാ സുരേന്ദ്രൻ, നൈസി ഡെനിൽ, ജോണി മാത്യു, ജലനിധി പ്രോജക്ട് കമ്മീഷണർ കെ.എം. മഞ്ജു, ജെ.പി.സി. സാജു സി. കുമാർ, സീനിയർ എഞ്ചിനീ യർ മുരുകലാൽ, ആരിഫ്, ജെറിൻ, അനന്തു, ബിജി, ജോണി മുതലക്കു ഴി, തോമസ് ജോൺ, ടോമി കൈതവേലി എന്നിവർ സംസാരിച്ചു.

## അടിമാലിയിൽ പരിസ്ഥിതി ദിനം ആചരിച്ചു

ലോകപരിസ്ഥിതി ദിനാചരണം ജലനിധി പദ്ധതിയുടെ ആഭിമുഖ്യത്തിൽ അടിമാലി ഗ്രാമപഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തി. പരിസ്ഥിതി ദിനാ ചരണത്തിന്റെ പ്രാധാന്യം പ്രോജക്ട് കമ്മീഷണർ സാബു ജി. വിശദീക രിച്ചു. ബിജി ഫെഡറേഷൻ വൈസ് പ്രസിഡന്റ് എ.കെ. ഏലിയാസ് പ രിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വാർഡ് മെമ്പർ ശാലിനി നിഘേഷ് വൃക്ഷത്തൈ വിതരണം ഉദ്ഘാടനം ചെയ്തു. സഹായ സംഘടനാ പ്രവർത്തകർ, സമിതി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.


## കുന്നുംപുറത്ത് ഇനി ജലസമൃദ്ധി



കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിൽ ലോകബാങ്ക് സഹാ യത്തോടെയുള്ള കേരള സർക്കാരിന്റെ ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വപദ്ധതിയായ ജലനിധിയിലൂടെ നിർമ്മിച്ച കുന്നുംപുറം കുടി വെള്ള വിതരണ പദ്ധതി ഉദ്ഘാടനം ചെയ്തു. 56.48 ലക്ഷം രൂപ ചെല വഴിച്ച് നിർമ്മിച്ച കുന്നുംപുറം പദ്ധതിയുടെ ഗുണഭോക്താക്കൾ 140 കുടുംബങ്ങളാണ്. തിടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി സാവിയോ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബഹു. പൂഞ്ഞാർ എം. ൽ.എ. പി.സി. ജോർജ്ജ് കുന്നുംപുറം പദ്ധതി നാടിന് സമർപ്പിച്ചു. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. പ്രേംജി മുഖ്യപ്രഭാ ഷണം നടത്തി. ജലനിധിയുടെ ഇടുക്കി റീജിയണൽ പ്രോജക്ട് ഡയറ ക്ടർ ടോമി കെ.ജെ. പദ്ധതി വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ ലിസി സെബാസ്റ്റ്യൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി തോമസ് അഴകത്ത്, തിടനാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോ മുളങ്ങാശ്ശേരി, വാർഡു മെമ്പർമാരായ സെബാസ്റ്റ്യൻ വിളയിൽ, അജിത മോഹൻദാസ്, സാബു പ്ലാത്തോട്ടം, മാനേജർ കമ്മ്യൂണിറ്റ് ഡവ ലപ്മെന്റ് ജോസ് ജയിംസ്, മാനേജർ ടെക്നിക്കൽ ശ്രീജിത്ത് എസ്., ടീം ലീഡർ ജസ്റ്റിൻ തുടങ്ങിയവർ സംസാരിച്ചു.

## പരിസ്ഥിതിദിനം നെടുങ്കണ്ടത്ത് ആചരിച്ചു

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതിദിനം ആചരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എസ്. ജ്ഞാനസുന്ദരം പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് റാണി തോമസ് അദ്ധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ.ആർ. സുകുമാരൻനായർ, ശ്യാമള വിശ്വനാഥൻ, ജോണി പുതിയപറമ്പിൽ, പ്രോജക്ട് കമ്മീഷണർ ആഷ്‌ലി ബി., ടീം ലീഡർ സിജോ തോമസ് എന്നിവർ നേതൃത്വം നൽകി. ടൗണിലെ തോട് വൃത്തിയാക്കിയതിനു ശേഷം റോഡ് സൈഡിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു. തുടർന്ന് വാർഡുകളിൽ വൃക്ഷത്തൈ വിതരണവും പ രിസ്ഥിതി സംരക്ഷണ പ്രതിജ്ഞയും നടത്തപ്പെട്ടു.



വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ. രാജു പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു

# പുത്തൻപാലം ഈറ്റോലിക്കവല പദ്ധതി പ്രവർത്തനം തുടങ്ങി



നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 24 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പുത്തൻപാലം ഈറ്റോലിക്കവല കുടിവെള്ളപദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എസ്. ജ്ഞാനസുന്ദരം നിർവ്വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജോണി പുതിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ നിർമ്മല നന്ദകുമാർ മുഖ്യപ്രഭാഷണവും ടീം ലീഡർ സിജോ തോമസ് പദ്ധതി വിശദീകരണവും നടത്തി. പ്രോജക്ട് കമ്മീഷണർ ആഷ്‌ലി ബി., വാർഡ് മെമ്പർമാരായ ജോയി കുന്നുവിളയിൽ, ഷിഹാബുദ്ദീൻ ഈട്ടിക്കൻ തുടങ്ങിയവർ സംസാരിച്ചു. തോമസ് ചാക്കോ അമ്പാട്ട്, പി.വി. ആന്റണി പുന്നമഠം, ആന്റണി ഈറ്റോലിൽ എന്നിവർ നേതൃത്വം നൽകി. ഓവേലിൽ കുടുംബം സൗജന്യമായി നൽകിയ സ്ഥലത്ത് കിണർ നിർമ്മിച്ച് രൂപീകരിച്ച പുത്തൻപാലം കുടിവെള്ളപദ്ധതിയിൽ 35 കുടുംബങ്ങൾ ഗുണഭോക്താക്കളാണ്.

# പരിസ്ഥിതി സൗഹൃദവികസനം വേണം

വികസനം പരിസ്ഥിതി സൗഹൃദമായിരിക്കണമെന്ന് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബാ രാജശേഖരൻ. ജലനിധി ഗുണഭോക്തൃസമിതികളുടെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ നടത്തിയ ലോകപരിസ്ഥിതിദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. വൈസ് പ്രസിഡന്റ് വി.ജി. മോഹനൻ അദ്ധ്യക്ഷത വഹിച്ചു. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ നടത്തിയും വൃക്ഷത്തൈകൾ നട്ടും നടത്തിയ ദിനാചരണത്തിന് വാർഡ് മെമ്പർമാരായ അഞ്ജു സി., ഷെമീന അബ്ദുൾ കരീം, രാജു കുട്ടപ്പൻ, തങ്കമ്മ രാജൻ, അക്കമ്മ മാത്യു, ലളിത വിശ്വനാഥൻ, മോഹൻദാസ് പുതുശ്ശേരി, രാഘവൻ കണ്ട, പ്രമോദ് എസ്., സുധാ ജോണി, ടെസിമോൾ മാത്യു, അനൂപ്കുമാർ, ലാലി ജോസി, ടീം ലീഡർ ബിനു ലോറൻസ്, ജൂനിയർ പ്രോജക്ട് കമ്മീഷണർ ആമിന കെ.ഇ., ഫെഡറേഷൻ സെക്രട്ടറി തെയ്യാമ്മ ബേബി തുടങ്ങിയവർ നേതൃത്വം നൽകി.



# ഉടുമ്പന്നൂരിലെ പരിസ്ഥിതി ദിനാചരണം

ജലനിധി പദ്ധതിയുടെ ഭാഗമായി ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൽ പരിസ്ഥിതി ദിനാചരണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സജീവ് ഫലവൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു. മരം ഭൂമിയുടെ കുട, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത, ജലസംരക്ഷണം ജീവന്റെ നിലനിൽപ്പിന് തുടങ്ങിയ വിഷയങ്ങളിൽ നടത്തപ്പെട്ട ചർച്ചകൾക്ക് ജലനിധി കുടിവെള്ള വിതരണ സമിതി ഭാരവാഹികൾ നേതൃത്വം നൽകി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എൻ. സീതി, ജലനിധി പ്രോജക്ട് കമ്മീഷണർ മഞ്ജു കെ. എം., കൃഷി ഓഫീസർ ജെയ്സിമോൾ കെ.ജി., ജൂനിയർ പ്രോജക്ട് കമ്മീഷണർ സാജു, സഹായ സംഘടനാ സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ എടുത്താണ് ദിനാചരണം പൂർത്തിയാക്കിയത്.



# ആവേശകരമായ പഠനയാത്ര നടത്തി




ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളും ജിപാറ്റ് സ്റ്റാഫ് അംഗങ്ങളും ബിജി ഫെഡറേഷൻ ഭാരവാഹികളും തൃശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് ജലനിധി ഗുണഭോക്തൃസമിതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തി. പണഞ്ചേരി ഗുണഭോക്തൃസമിതിയുടെ കിണറും പമ്പ്ഹൗസും സന്ദർശിച്ച ടീം അംഗങ്ങൾ ബിജി ഫെഡറേഷൻ പ്രസിഡന്റ് ലക്ഷ്മണൻ മാഷ്, ഫെഡറേഷൻ സെക്രട്ടറി ശശിസാം തുടങ്ങിയവരുടെ ജലനിധി അനുഭവങ്ങളും നിർദ്ദേശങ്ങളും ശ്രവിച്ചു. സമിതികളുടെ വാർഷിക ഓഡിറ്റിംഗും, വാർഷിക പൊതുയോഗങ്ങളും, വാർഷിക തെരഞ്ഞെടുപ്പും രജിസ്ട്രേഷൻ പുതുക്കലും കൃത്യമായി നടത്തുന്നതിന് ഫെഡറേഷൻ ചെയ്തിരിക്കുന്ന ക്രമീകരണങ്ങൾ പ്രസിഡന്റും സെക്രട്ടറിയും പങ്കുവച്ചു.

## നന്മയുടെ നിറദീപമായി ദീപം ശുദ്ധജലവിതരണ സമിതി

ഇടുക്കി ജില്ലയിലെ മലയോര ഗ്രാമപഞ്ചായത്തായ വാത്തിക്കുടിയിൽ "എല്ലാവർക്കും കുടിവെള്ളം" എന്ന സ്വപ്നസാക്ഷാത്ക്കാരത്തിനായി ഗ്രാമപഞ്ചായത്തും ജലനിധിയും സഹായ സംഘടനയായ ബോധനയും 45 ഗുണഭോക്തൃസമിതികളോടൊപ്പം ജൈത്രയാത്ര തുടരുകയാണ്. ഈ യാത്രയിൽ എ+ മാർക്കോട വിജയം കൈവരിച്ച ദീപം എന്ന ഗുണഭോക്തൃസമിതിയെയാണ് ഞങ്ങൾ നിങ്ങൾക്കു പരിചയപ്പെടുത്തുന്നത്. ഒരു ജനകീയ സംഘടന എങ്ങനെ ആയിരിക്കണം എത്രത്തോളം വളരാം എന്നതിന് ഉദാഹരണമാണ് ഈ സമിതി. വേറിട്ട വഴികളിലൂടെ സഞ്ചരിച്ച് സമൂഹത്തിൽ നന്മയുടെ നിറദീപമായി മാറിയിരിക്കുകയാണ് ഞങ്ങളുടെ പഞ്ചായത്തിലെ ഈ സമിതി.

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനം നിലച്ചു പോയ ഒരു കുടിവെള്ളപദ്ധതി പുനരുദ്ധരിച്ച് ഉപയോഗിക്കുക എന്നതായിരുന്നു സമിതിയുടെ ചുമതല. പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ആദ്യ കരാറുകാരൻ ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് പഠിച്ച സമിതി ഭാരവാഹികൾ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്വന്തമായി ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. അങ്ങനെ കുളം, പമ്പ്ഹൗസ് എന്നിവയുടെ നിർമ്മാണം, പൈപ്പ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സമിതി തന്നെ ഏറ്റെടുത്ത് പൂർത്തീകരിച്ചു. ഇതിൽ നിന്നു കിട്ടിയ ലാഭം സമിതിയുടെ കരുതൽ ധനമാക്കി. സമയബന്ധിതമായി ഉയർന്ന ഗുണനിലവാരത്തിൽ പദ്ധതി പൂർത്തീകരിക്കുകയും വേനൽക്കാലത്തിനു മുമ്പ് പദ്ധതി കമ്മീഷൻ ചെയ്ത് കുടിവെള്ളം എല്ലാ ഭവനങ്ങളിലും എത്തിക്കുകയും ചെയ്തു.

ഞങ്ങളെ അത്ഭുതപ്പെടുത്തിയത് സമിതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങളായിരുന്നു. പഴയ പദ്ധതി പ്രകാരം ഉണ്ടായിരുന്ന മോട്ടർ തകരാറിലായപ്പോൾ അതു മാറ്റി പുതിയതു സ്ഥാപിക്കുക, കുളത്തിൽ വെള്ളത്തിന്റെ കുറവുണ്ടായപ്പോൾ ആഴം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ സമിതിയുടെ പൊതുയോഗ തീരുമാന പ്രകാരം സ്വന്തമായി പണം സമാഹരിച്ച് പൂർത്തീകരിക്കുവാൻ സമിതിക്ക് കഴിഞ്ഞു. കടുത്ത വേനൽ സമയത്ത് കുടിവെള്ളം ഇല്ലാതിരുന്ന അയൽവാസികൾക്ക് പദ്ധതിയിൽ ഇല്ലാതിരുന്നിട്ടും സൗജന്യമായി ജലം നൽകി മനുഷ്യത്വത്തിന്റെ മാതൃകയായി. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ ഉന്നതവിജയം കൈവരിച്ച സമിതി പ്രവർത്തനമേഖലയിലെ കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകാൻ അനുമോദന യോഗം സംഘടിപ്പിക്കുകയും ചെയ്തു. ഇതു മാധ്യമങ്ങളിൽ വാർത്തയായി. സ്കൂൾ തുറന്നപ്പോൾ പാവപ്പെട്ട പത്തോളം കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തു. കാലവർഷാരംഭത്തിൽ സ്കൂൾ കുട്ടികൾക്കും യാത്രക്കാർക്കും ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്ന റോഡ് സൈഡിലുള്ള കാടുകൾ സമിതി അംഗങ്ങൾ കൂട്ടായി വെട്ടിമാറ്റുകയും ഓടകൾ വൃത്തിയാക്കുകയും ചെയ്തുകൊണ്ട് നാടിനും നാട്ടുകാർക്കും സമിതി മാതൃകയായി മാറി.

ശുദ്ധജലവിതരണം എന്ന പ്രാഥമിക ലക്ഷ്യത്തിനപ്പുറം ഒരു ജനകീയ സംഘടനയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുന്നതിന് ഈ സമിതിക്കു കഴിഞ്ഞിട്ടുണ്ട്. വേറിട്ട വഴികളിലൂടെ വിജയത്തിന്റെ, സേവനത്തിന്റെ, നന്മയുടെ പടവുകൾ കയറി മുന്നേറുകയാണ് ദീപം ശുദ്ധജലവിതരണ സമിതിയും അതിന്റെ ഭാരവാഹികളും.

**അനീഷ് ജോസഫ്**
പ്രോജക്ട് കമ്മീഷണർ

**സ്മാർട്ടിൻ ഫിലിപ്പ്**
ടീം ലീഡർ

## ഭൂമിക്ക് കുടയൊരുക്കി തിടനാട് പഞ്ചായത്ത്



തിടനാട് ഗ്രാമപഞ്ചായത്തിലെ ജലനിധി കുടിവെള്ള വിതരണ സമിതികൾ ലോകപരിസ്ഥിതിദിനത്തിൽ ഭൂമിക്കൊരു കുട പദ്ധതി ആരംഭിച്ചു. തിടനാട് പഞ്ചായത്ത് പ്രസിഡന്റ് മിനി സാവിയോ ഭൂമിക്കൊരു കുട പദ്ധതി വൃക്ഷത്തൈ വിതരണം ചെയ്തും, വൃക്ഷത്തൈ നട്ടും ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ബിനോ മുളങ്ങാശേരി അദ്ധ്യക്ഷത വഹിച്ചു. ഐ.ഇ.സി. സ്പെഷ്വലിസ്റ്റ് ജിജോ ജോസഫ് പരിസ്ഥിതിദിന സന്ദേശം നൽകി. പ്രോജക്ട് കമ്മീഷണർ നിഷാ ജി. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സാബു പ്ലാത്തോട്ടം, വി.ജെ. സഖറിയ, കെ.ടി. മാത്യു, ജസ്റ്റിൻ ജോർജ്ജ്, എബിരാജ് തുടങ്ങിയവർ സംസാരിച്ചു.

## പ്രതിഭാ സംഗമം 2017

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയിലൂടെ നിർമ്മിച്ച ജലവാഹിനി ശുദ്ധജലവിതരണ പദ്ധതി ഗുണഭോക്തൃസമിതിയുടെ പ്രതിഭാസംഗമം 2017 കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സക്കറിയാസ് കുതിരവേലി ഉദ്ഘാടനം ചെയ്തു. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങിയതും ബികോമിന് റാങ്ക് വാങ്ങി വിജയിച്ചതുമായ സമിതി അംഗങ്ങളെ യോഗത്തിൽ ആദരിച്ചു. സമിതി പ്രസിഡന്റ് രാജേഷ് വാളിപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. ഐ.ഇ.സി. സ്പെഷ്വലിസ്റ്റ് ജിജോ ജോസഫ്, പ്രോജക്ട് കമ്മീഷണർ ജോപോൾ ജോസഫ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ്, വാർഡ് മെമ്പർ, സമിതി ഭാരവാഹികൾ തുടങ്ങിയവർ സംസാരിച്ചു.





## ഒരു വീട് ഒരു മരം പദ്ധതി




നെടുങ്കുന്നം ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 4000 വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്ന ഒരു വീട് ഒരു മരം പദ്ധതിയുടെ ഉദ്ഘാടനം മുൻമന്ത്രി കെ. നാരായണകുറുപ്പിന്റെ ഭാര്യ കെ. ലീലാദേവി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് വി.എം. ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും വൈസ് പ്രസിഡന്റുമാരായ റോസമ്മ തോമസും രാജമ്മ രവീന്ദ്രനും വാർഡ് മെമ്പർമാരും സംസാരിച്ചു. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയും വൃക്ഷത്തൈ നടീലും നടത്തപ്പെട്ടു.

## പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയും മത്സരങ്ങളും

അയമനം ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ദിനാചരണം കുടമാളൂർ എൽ.പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു. പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ഹെഡ്മിസ്ട്രസ് ശ്രീലത കെ. ചൊല്ലിക്കൊടുത്തു. പരിസ്ഥിതി സംരക്ഷണ ചിത്രരചനാ മത്സരം പ്രകൃതി 2017 ലെ വിജയികൾക്ക് സീനിയർ എഞ്ചിനീയർ ഷമീറലി സമ്മാനങ്ങൾ വിതരണം ചെയ്തു.




## മരം നട്ടും പ്രതിജ്ഞയെടുത്തും പൂഞ്ഞാറിൽ പരിസ്ഥിതിദിനം

ജലനിധി പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ നടത്തപ്പെട്ട ജലദിനാചരണം പഞ്ചായത്ത് പ്രസിഡന്റ് ശ്വാനി മരം നട്ട് ഉദ്ഘാടനം ചെയ്തു. പ്രോജക്ട് കമ്മീഷണർ വിനോദ് പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വാർഡ് മെമ്പർമാരും ജലനിധി ഗുണഭോക്തൃ സമിതി ഭാരവാഹികളും പങ്കെടുത്തു.

## സ്കൂൾ ടോയ്‌ലറ്റ് ഉദ്ഘാടനം ചെയ്തു

അറക്കുളം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയിലുൾപ്പെടുത്തി മൂലമറ്റം സെന്റ് ജോർജ്ജ് യു.പി. സ്കൂളിൽ നിർമ്മിച്ച സ്കൂൾ കക്കൂസ് പഞ്ചായത്ത് പ്രസിഡന്റ് ടോമി കുന്നേൽ, പ്രിൻസിപ്പൽ ജെസിയാമ്മ ജോസഫിന് താക്കോൽ കൈമാറി ഉദ്ഘാടനം ചെയ്തു. വൈസ്പ്രസിഡന്റ് ഉഷാ ഗോപിനാഥ്, ആർ.പി.ഡി. ടോമി കെ.ജെ., വാർഡ് മെമ്പർമാർ, സ്കൂൾ മാനേജർ ഫാ. ജോസഫ് മണ്ഡപത്തിൽ, ഫെഡറേഷൻ സെക്രട്ടറി ബേബി മാത്യു തുടങ്ങിയവർ സംസാരിച്ചു.



## ഒറ്റയീട്ടി പദ്ധതി പ്രവർത്തനം ആരംഭിച്ചു

തീക്കോയി ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഒറ്റയീട്ടി കുടിവെള്ള പദ്ധതി പൂഞ്ഞാർ എം.എൽ.എ. പി.സി. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കെ.സി.ജെയിംസ് അദ്ധ്യക്ഷത വഹിച്ചു. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. പ്രേംജി മുഖ്യപ്രഭാഷണം നടത്തി. ജലനിധി റീജിയണൽ പ്രോജക്ട് ഡയറക്ടർ ടോമി കെ.ജെ. പദ്ധതി വിശദീകരണം നടത്തി. പ്രോജക്ട് കമ്മീഷണർ, വാർഡ് മെമ്പർമാർ, സമിതി ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി. തീക്കോയി പഞ്ചായത്തിൽ ആദ്യം കമ്മീഷൻ ചെയ്ത ഒറ്റയീട്ടി കുടിവെള്ളപദ്ധതിയിൽ 94 ഗുണഭോക്തൃ കുടുംബങ്ങളാണുള്ളത്.

## സ്നേഹതീരത്ത് പരിസ്ഥിതി ദിനാചരണം

അറക്കുളം ഗ്രാമപഞ്ചായത്തിലെ ജലനിധി ബിജി ഫെഡറേഷന്റെ നേതൃത്വത്തിൽ സ്നേഹതീരം കുടിവെള്ള പദ്ധതിയുടെ കിണറിനടുത്ത് മരം നട്ട് പരിസ്ഥിതി ദിനാചരണം പഞ്ചായത്ത് പ്രസിഡന്റ് ടോമി കുന്നേൽ ഉദ്ഘാടനം ചെയ്തു. ബിജി ഫെഡറേഷൻ വൈസ് പ്രസിഡന്റ് ബേബി മാത്യു പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രോജക്ട് കമ്മീഷണർ സാബു ജോർജ്ജ് പരിസ്ഥിതിദിന സന്ദേശം നൽകി. വാർഡ് മെമ്പർമാരായ സിജുമോൻ, എ.ഡി. മാത്യു എന്നിവർ സംസാരിച്ചു. ജേക്കബ് ടി.സി., ഇമ്മാനുവേൽ, ഹരിശങ്കർ എൻ. തുടങ്ങിയവർ നേതൃത്വം നൽകി.



## ജലനിധിയിൽ ഇ ഗവേണൻസ് ആരംഭിച്ചു

ജലനിധിയുടെ ഇടുക്കി റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഈ ഫയലിംഗ് ആരംഭിച്ചു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ ജലനിധി പഞ്ചായത്തുകൾ തൊടുപുഴയിൽ പ്രവർത്തിക്കുന്ന ഇടുക്കി റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിലാണ്. ഇടുക്കി ജില്ലയിൽ ആദ്യമായി ഇ ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഓഫീസും ജലനിധിയുടേതാണ്. ജലനിധിയുടെ ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ ഡയറക്ടർ എം. പി. സലിം ഇടുക്കി റീജിയണൽ ഓഫീസിലെ ഈ ഓഫീസ് സംവിധാനം ഉദ്ഘാടനം ചെയ്തു. ഓപ്പറേഷൻസ് ഡയറക്ടർ വി.എൽ മോഹൻകുമാർ അധ്യക്ഷത വഹിച്ചു. ടോമി കെ.ജെ, പി. വി. ലാലച്ചൻ, റെജി കെ.ജി, ജോസ് ജെയിംസ്, എസ്.എൽ. സയിൻ, മണി ടി. കെ., ശ്രീജിത്ത് സി.ആർ., അബി മുണ്ടയ്ക്കൽ, ജിജോ ജോസഫ്, ക്രിസ്റ്റീൻ ജോസഫ്, എ.ജി. രവീന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകി.

നാഷണൽ ഇൻഫോർമാറ്റിംഗ് സെന്റർ വികസിപ്പിച്ചെടുത്ത ഡിജിറ്റൽ വർക്ക് പ്ലെയിസ് സൊല്യുഷൻ മിഷൻ രീതിയിലാണ് ഈ ഓഫീസ് ജലനിധിയിൽ ആരംഭിച്ചിട്ടുള്ളത്. സുതാര്യത, വേഗത്തിലുള്ള ഫയൽ നീക്കം, ഡേറ്റ സുരക്ഷിതത്വം, ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം, ഡേറ്റ സംയോജനം തുടങ്ങിയവയാണ് ഈ ഓഫീസ് സംവിധാനത്തിന്റെ സവിശേഷതകൾ. ജലനിധിയുടെ തിരുവനന്തപുരത്തെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലും, കണ്ണൂരെ റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലും ഈ ഫയലിംഗ് സംവിധാനം നടപ്പിലാക്കിയിരുന്നു. ഇടുക്കിയിലും മലപ്പുറത്തും ഈ ഫയലിംഗ് സംവിധാനം നടപ്പിലാക്കിയതോടെ ജലനിധി സമ്പൂർണ്ണമായി ഈ ഗവേൺസ് സംവിധാനത്തിലായി തീർന്നു.

### ജലനിധി രണ്ടാം ഘട്ടം ഇടുക്കി റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ പദ്ധതി നിർവ്വഹണ പുരോഗതി

| ക്രമ നം | പദ്ധതി വിശദാംശങ്ങൾ | ഇടുക്കി | കോട്ടയം | പത്തനം തിട്ട | തിരുവന ന്തപുരം | ആകെ |
|---|---|---|---|---|---|---|
| 1 | ആകെ ജലനിധി ഗ്രാമപഞ്ചായത്തുകൾ | 19 | 21 | 2 | 1 | 43 |
| 2 | ആകെ കുടിവെള്ളപദ്ധതികൾ | 576 | 499 | 39 | 26 | 1140 |
| 3 | ആകെ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | 36016 | 40643 | 3395 | 1369 | 81423 |
| 4 | കമ്മീഷൻ ചെയ്ത കുടിവെള്ളപദ്ധതികൾ | 377 | 368 | 36 | 26 | 807 |
| 5 | ആകെ പദ്ധതി തുക (ലക്ഷത്തിൽ) | 16396.00 | 12239.00 | 1124.02 | 579.75 | 30338.77 |
| 6 | ആകെ കേരള സർക്കാർ വിഹിതം (ലക്ഷത്തിൽ) | 12583.48 | 8568.57 | 818.02 | 438.22 | 22408.32 |
| 7 | ആകെ ഗ്രാമപഞ്ചായത്ത് വിഹിതം (ലക്ഷത്തിൽ) | 2662.40 | 2314.51 | 104.81 | 82.52 | 5164.23 |
| 8 | ആകെ ഗുണഭോക്തൃ വിഹിതം (ലക്ഷത്തിൽ) | 1150.00 | 1355.74 | 109.21 | 59.01 | 2673.92 |

### കഴിഞ്ഞ 3 മാസം കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ

| ക്രമ നം | ഗ്രാമപഞ്ചായത്ത് | കമ്മീഷൻ ചെയ്ത പദ്ധതി കളുടെ എണ്ണം | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|---|
| 1 | കഞ്ഞഴ | 1 | 88 |
| 2 | മീനച്ചിൽ | 3 | 197 |
| 3 | ഉടുമ്പന്നൂർ | 3 | 191 |
| 4 | കാന്തല്ലൂർ | 5 | 191 |
| 5 | മാങ്കുളം | 7 | 454 |
| 6 | വാത്തിക്കുടി | 2 | 846 |
| 7 | വെള്ളിയാമറ്റം | 2 | 120 |
| 8 | അടിമാലി | 7 | 664 |
| 9 | അറക്കുളം | 6 | 427 |
| 10 | പനച്ചിക്കാട് | 1 | 131 |
| 11 | കൂരോപ്പട | 2 | 219 |
| 12 | ഭരണങ്ങാനം | 3 | 165 |
| 13 | കരൂർ | 6 | 264 |
| 14 | കുറിച്ചി | 1 | 52 |
| 15 | തിടനാട് | 4 | 719 |
| 16 | പാമ്പാടുംപാറ | 2 | 119 |
| 17 | നെടുങ്കുന്നം | 1 | 47 |
| 18 | രാജാക്കാട് | 4 | 164 |
| 19 | നെടുങ്കണ്ടം | 10 | 412 |
| 20 | കൊഴുവനാൽ | 4 | 855 |
| 21 | തീക്കോയി | 1 | 94 |
| 22 | മാടപ്പള്ളി | 1 | 56 |
| | ആകെ | 76 | 6475 |

**എഡിറ്റർ**

**ടോമി കെ.ജെ.**
റീജിയണൽ പ്രോജക്ട് ഡയറക്ടർ

**എഡിറ്റോറിയൽ ബോർഡ്**

**രാഹുൽ യു.എസ്.**
ഡെപ്യൂട്ടി ഡയറക്ടർ ഐ.ഇ.സി.

**റെജി കെ.ജി.**
അക്കൗണ്ട്സ് ഓഫീസർ

**ജോസ് ജെയിംസ്**
മാനേജർ, കമ്മ്യൂണിറ്റി ഡവലപ്മെന്റ്

**ക്രിസ്റ്റിൻ ജോസഫ്**
ട്രൈബൽ ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ്

**പ്രസിദ്ധീകരണ ഏകോപനം**

**ജിജോ ജോസഫ്**
ഐ.ഇ.സി. സ്പെഷ്യലിസ്റ്റ്

**ഉപദേശകസമിതി**

**എം.പി. സലിം**
ഡയറക്ടർ ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ

**വി.എൽ. മോഹൻകുമാർ**
ഡയറക്ടർ ഓപ്പറേഷൻ

**എം. പ്രേംലാൽ**
ഡയറക്ടർ, എച്ച്.ആർ.ഡി.

**കെ. മോഹൻ**
ഡയറക്ടർ, ടെക്നിക്കൽ

**എസ്. അരുൺ രാജ്**
ഡയറക്ടർ എം. & ഇ.

**പരാതി പരിഹാരത്തിന് ട്രോൾഫ്രീ നമ്പർ**

**ജലനിധി പദ്ധതി നിർവ്വഹണം സംബന്ധിച്ച പരാതി പരിഹരിക്കാൻ പൊതുജനങ്ങൾക്ക് ട്രോൾഫ്രീ നമ്പരായ 18004255031 വിളിക്കാം.**

**ജലതരംഗം ദ്വൈമാസികയുടെ തുടർന്നു വരുന്ന പ്രസിദ്ധീകരണ ങ്ങളിലേക്ക് ക്രിയാത്മകവും ആകർഷകവുമായ രചനകൾ അയക്കേണ്ട വിലാസം**

iecjalanidhi.idukki@gmail.com,
എഡിറ്റർ, ജലതരംഗം
കെ.ആർ. ഡബ്ലിയു.എസ്.എ., ജലനിധി,
മാതാ ആർക്കേഡ്, തൊടുപുഴ – 685 584
ഫോൺ : 8281112039

Published by Regional Project Director KRWSA - Jalanidhi, Idukki RPMU, Matha Arcade, Thodupuzha - 685 584, Ph : 04862 220507